(സി) കുണ്ടറ ശുദ്ധജലവിതരണ പദ്ധതിയുടെ നിയന്ത്രണം പൂർണ്ണമായും കൊല്ലം ഡിവിഷന്റെ പരിധിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർദ്ദേശം നടപ്പാക്കിയിട്ടില്ല.

(ബി) ഉണ്ട്.

(സി) പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് നിയന്ത്രണ പരിധി ഇപ്പോൾ മാറ്റുന്നത് ആശാസ്യമല്ല.

കുണ്ടറ ശുദ്ധജല വിതരണ പദ്ധതിയിലെ പൈപ്പ് ലൈൻ ചോർച്ച

67 [224] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ ശുദ്ധജലവിതരണ പൈപ്പുകളിലെ ചോർച്ച കാരണം ഉണ്ടാകുന്ന ജലനഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചോർച്ച നിവാരണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകുകയുണ്ടായോ; എങ്കിൽ ഈ പ്രവൃത്തിക്ക് കരാർ നല്കുകയുണ്ടായോ എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി ആന്റ് സി) ചോർച്ച നിവാരണം ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റിന് അനുമതി നൽകുകയും, പ്രവൃത്തിക്ക് ഇൻഡ്യൻ ഹ്യും പൈപ്പ് കമ്പനിക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഇൻഡ്യൻ ഹ്യും പൈപ്പ് കമ്പനി ചോർച്ച നിവാരണ നടപടി പൂർത്തിയാക്കുകയും ചെയ്തു.

കുണ്ടറ ശുദ്ധജല വിതരണ പദ്ധതി

68 [225] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ കുണ്ടറ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രയോജനം ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകൾക്കാണ് ലഭിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊട്ടാരക്കരയിലെ ജലവിതരണത്തിനായി കേരള വാട്ടർ അതോറിറ്റി നിർമ്മിച്ചുകൊണ്ടിരിക്കുന്ന സംപ് പ്രവർത്തനക്ഷമമാകുമ്പോൾ കുണ്ടറ ശുദ്ധജല വിതരണ പദ്ധതി പ്രദേശങ്ങളിലേക്കുള്ള വെള്ളത്തിന്റെ ഒഴുക്ക് നിലയ്ക്കുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുണ്ടറയിലേക്കുള്ള മെയിൻ പൈപ്പിൽ നിന്നും കൊട്ടാരക്കര സംപിലേക്ക് ടാപ്പു ചെയ്യുന്ന സ്ഥലത്തുനിന്നും എത്ര മീറ്റർ താഴ്ന്ന വിതാനത്തിലാണ് സംപ് നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കുണ്ടറ ശുദ്ധജലവിതരണ പദ്ധതിയുടെ മെയിൻ പൈപ്പിൽ നിന്നും കൊട്ടാരക്കര ഭാഗത്ത് എത്ര സ്ഥലത്ത് ടാപ്പ് ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ ടാപ്പിംഗ് മൂലം പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന പല പഞ്ചായത്തുകളിലും വെള്ളം ലഭ്യമാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കൊട്ടാരക്കരയിലെ സംപ് വഴി ജലവിതരണം തുടങ്ങുമ്പോൾ കുണ്ടറ പദ്ധതിയുടെ മെയിൻ പൈപ്പിൽ നിന്നും കൊട്ടാരക്കരയിലെ ജലവിതരണ പൈപ്പുകളിലേക്ക് നേരിട്ട് എടുത്തിട്ടുള്ള ടാപ്പിംഗുകൾ സ്ഥിരമായി അടയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ജി) കുണ്ടറ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രയോജനം ലഭിക്കേണ്ട പ്രദേശങ്ങളിൽ കുടിവെള്ളം കിട്ടുന്നതിന് സഹായകമാകും വിധമുള്ള നടപടികൾ വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുണ്ടറ, പേരയം, കിഴക്കേകല്ലട, എഴുകോൺ, പവിത്രേശ്വരം, നെടുവത്തൂർ, കൊട്ടാരക്കര, മേലില, കുളക്കട, വെട്ടിക്കവല എന്നീ പഞ്ചായത്തുകൾക്കാണ് കുണ്ടറ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രയോജനം ഇപ്പോൾ ലഭിക്കുന്നത്.

(ബി) കൊട്ടാരക്കര, കുണ്ടറ ശുദ്ധജല വിതരണ പദ്ധതികളുടെ ഉറവിടം പൊതുവായിട്ടുള്ളതിനാൽ രണ്ടു പദ്ധതിയിലും കാര്യക്ഷമമായി നടത്തത്തക്ക രീതിയിൽ വാൽവുകൾ നിയന്ത്രിച്ച് ജലവിതരണം നടത്തുന്നതിനു സാധിക്കുന്നതാണ്. സംപ് പ്രവർത്തനക്ഷമമാക്കുന്നതുകൊണ്ട് കുണ്ടറ ശുദ്ധജല വിതരണ പ്രദേശത്തേക്കുള്ള ഒഴുക്ക് നിലയ്ക്കുകയില്ല.

(സി) ഏകദേശം 10 മീറ്റർ താഴ്ചയിലാണ് സംപ് നിർമ്മിച്ചിരിക്കുന്നത്.

(ഡി) കുണ്ടറ പദ്ധതിയുടെ മെയിൻ പൈപ്പുലൈനിൽ നിന്നും കൊട്ടാരക്കര ഭാഗത്ത് രണ്ട് സ്ഥലത്തും മേലിലയിൽ ഒരിടത്തും ടാപ്പു ചെയ്യുന്നുണ്ട്.

2/402/2012—18.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ല.

(എഫ്) ഉണ്ട്.

(ജി) കുണ്ടറ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രയോജനം ലഭിക്കേണ്ട പ്രദേശങ്ങളിൽ കുടിവെള്ളം കിട്ടുന്നതിന് സഹായകരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുണ്ടറ ശുദ്ധജല വിതരണ പദ്ധതി

69 [226] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ ശുദ്ധജല വിതരണ പദ്ധതി കമ്മീഷൻ ചെയ്തതെന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) കൊല്ലം ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകൾക്ക് കുടിവെള്ളം എത്തിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിക്കാവശ്യമായ ജലമെടുക്കുന്നത് എവിടെനിന്നാണെന്നും പമ്പു ഹൗസുകളിലേക്കും വിതരണ സ്ഥലങ്ങളിലേക്കും സ്ഥാപിച്ചിട്ടുള്ള മെയിൻ പൈപ്പിന്റെ മൊത്തം നീളം എത്രയെന്നും എവിടെയെല്ലാമാണ് പമ്പ് ഹൗസുകൾ ഉള്ളതെന്നും വിശദമാക്കുമോ;

(ഡി) പദ്ധതി കമ്മീഷൻ ചെയ്യുന്നതുവരെയുള്ള മൊത്ത ചെലവ് എത്ര രൂപയെന്ന് വെളിപ്പെടുത്തുമോ;

(ഇ) കമ്മീഷൻ ചെയ്തശേഷം നാളിതുവരെ കുണ്ടറ ശുദ്ധജലവിതരണ പദ്ധതിയുടെ പൈപ്പുകൾ എത്ര സ്ഥലത്ത് പൊട്ടിയിട്ടുണ്ടെന്നും ഓരോ വർഷവും മെയിന്റനൻസിന് മൊത്തം എത്ര തുക ചെലവായി എന്നും വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

(എഫ്) കുണ്ടറ ശുദ്ധജല വിതരണ പദ്ധതികൊണ്ടുള്ള പ്രയോജനം പൊതു ജനങ്ങൾക്ക് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) കുണ്ടറ ശുദ്ധജലവിതരണ പദ്ധതി വിഭാവനം ചെയ്ത പ്രദേശങ്ങളിൽ കുടിവെള്ളം പൂർണ്ണതോതിൽ എത്തിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) കുണ്ടറ ശുദ്ധജല വിതരണ പദ്ധതി പ്രയോജനകരമാക്കുന്നതിന് 26-12-2002-ന് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ ഉദ്യോഗസ്ഥരുടെ യോഗത്തിൽ എടുത്ത പ്രധാന തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly